8
തിങ്കൾ
മെയ് 2023
1198 മേടം 24
പേജ് 14, വില ₹ 8.50

തിരുവനന്തപുരം
കോഴിക്കോട് | കൊച്ചി | കണ്ണൂർ | കോട്ടയം | തൃശൂർ
മലപ്പുറം | പാലക്കാട് | ആലപ്പുഴ | കൊല്ലം

# ദേശാഭിമാനി

ESTD. 1942

www.deshabhimani.com
facebook.com/deshabhimani
@DBIDaily
dbitvm@gmail.com

# 22 മരണം

# ബോട്ടുദുരന്തം



ബോട്ടപകടമുണ്ടായ താനൂർ പൂരപ്പുഴയിലെ രക്ഷാപ്രവർത്തനം

- അപകടം താനൂർ ഒട്ടുംപുറം തൂവൽതീരത്ത്
- ബോട്ട് തലകീഴായി മറിഞ്ഞു
- മരണസംഖ്യ ഉയർന്നേക്കും
- അപകടത്തിൽപ്പെട്ടത് വിനോദയാത്രാസംഘം
- മരിച്ചവരിൽ ഏറെയും കുട്ടികൾ

**സ്വന്തം ലേഖകൻ**

**താനൂർ (മലപ്പുറം)**

ഒട്ടുംപുറം പൂരപ്പുഴയിൽ തൂവൽതീരത്തിനുസമീപം സ്വകാര്യ വിനോദയാത്രാ ബോട്ട് മറിഞ്ഞ് 12 കുട്ടികൾ ഉൾപ്പെടെ 22 പേർ മരിച്ചു. 11 പേരെ രക്ഷപ്പെടുത്തി. ഞായർ രാത്രി ഏഴരയോടെയാണ് അപകടം.

രക്ഷപ്പെട്ടവരിൽ എട്ടുപേർ കോട്ടക്കൽ മിംസ് ആശുപത്രിയിലും ഏഴു വയസ്സുള്ള ഒരു കുട്ടി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലും ചികിത്സയിലാണ്. മിംസിലുള്ള നാല് കുട്ടികളുടെ സ്ഥിതി ഗുരുതരമാണ്. ബോട്ടിലുണ്ടായിരുന്നവരുടെ എണ്ണം വ്യക്തമല്ല. നാൽപ്പത് ടിക്കറ്റ് നൽകിയെന്നാണ് സൂചന. കുട്ടികൾക്ക് ടിക്കറ്റ് ഇല്ലായിരുന്നു. തൂവൽതീരത്തുനിന്ന് പുറപ്പെട്ട അറ്റ്ലാന്റിക് എന്ന ബോട്ട് 700 മീറ്റർ അകലെയാണ് മറിഞ്ഞത്. താനൂർ സ്വദേശി നാസറാണ് ഉടമ. അവധി ആഘോഷിക്കാൻ ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്ന് കുടുംബസമേതം എത്തിയവരാണ് അപകടത്തിൽപ്പെട്ടത്. രക്ഷാപ്രവർത്തനം തുടരുന്നു. ബോട്ട് ഒരുവശത്തേക്ക് ചെരിഞ്ഞ് തലകീഴായി മറിഞ്ഞു. യാത്രക്കാർ അടിയിൽപ്പെട്ടു. തൊട്ടുപിറകിൽ വന്ന മറ്റൊരു വിനോദസഞ്ചാര ബോട്ട് അപകടം കണ്ട് തിരിച്ചുപോയി യാത്രക്കാരെ ഇറക്കിവന്നാണ് രക്ഷാപ്രവർത്തനം തുടങ്ങിയത്. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള നാട്ടുകാർ രക്ഷാപ്രവർത്തനത്തിന് ഇറങ്ങിയെങ്കിലും ഇരുട്ട് തടസ്സമായി. വിവിധ സ്ഥലങ്ങളിൽനിന്നുള്ള അഗ്നിരക്ഷാ യൂണിറ്റുകളും പൊലീസും സ്കൂബ സംഘവും എത്തി. കരയ്ക്ക് എത്തിച്ചവരെ തിരൂരങ്ങാടി, പരപ്പനങ്ങാടി, താനൂർ, തിരൂർ, കോട്ടക്കൽ എന്നിവിടങ്ങളിലെ വിവിധ ആശുപത്രികളിലേക്ക് മാറ്റി.

തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ 10 പേരുടെയും താനൂർ അജ്നോറ (ദയ) ആശുപത്രിയിൽ ഒമ്പതും തിരൂർ ജില്ലാ ആശുപത്രിയിൽ മൂന്നും മൃതദേഹങ്ങളുണ്ട്. മരിച്ചവരിൽ അഞ്ചുപേർ സ്ത്രീകളാണ്. മൃതദേഹങ്ങൾ രാവിലെ ആറോടെ മഞ്ചേരി മെഡിക്കൽ കോളേജ്, തിരൂരങ്ങാടി, തിരൂർ, പെരിന്തൽമണ്ണ എന്നിവിടങ്ങളിലെ ഗവ. ആശുപത്രികളിലായി പോസ്റ്റുമോർട്ടം ചെയ്യും. അഗ്നിരക്ഷാസേന കയർകെട്ടി മണ്ണുമാന്തിയന്ത്രം ഉപയോഗിച്ച് തീരത്തേക്ക് വലിച്ച ബോട്ട് വെട്ടിപ്പൊളിച്ച് ഉള്ളിൽ കുടുങ്ങിയവരെ

പുറത്തെടുത്തു. മന്ത്രിമാരായ വി അബ്ദുറഹ്മാനും പി എ മുഹമ്മദ് റിയാസും കലക്ടർ വി ആർ പ്രേംകുമാറും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## മുഖ്യമന്ത്രി ഇന്ന് താനൂരിലെത്തും

**തിരുവനന്തപുരം**

ദുരന്ത സ്ഥലത്ത് രക്ഷാപ്രവർത്തനം ഏകോപിപ്പിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ തിങ്കൾ രാവിലെ താനൂരിലെത്തും. അടിയന്തര രക്ഷാപ്രവർത്തനം നടത്താൻ മലപ്പുറം കലക്ടർക്ക് നിർദേശം നൽകി.

താനൂർ, തിരൂർ ഫയർ യൂണിറ്റുകളും പൊലീസ്, റവന്യൂ, ആരോഗ്യ വിഭാഗവും നാട്ടുകാരും രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്നുണ്ട്. മന്ത്രിമാരായ പി എ മുഹമ്മദ് റിയാസ്, വി അബ്ദുറഹിമാൻ എന്നിവർ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുമെന്നും മരിച്ചവരുടെ കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

## മരിച്ചവരിൽ തിരിച്ചറിഞ്ഞവർ

താനൂർ ഓലപ്പീടിക കാട്ടിൽപിടിയേക്കൽ സിദ്ദീഖ് (41), മക്കളായ ഫാത്തിമ മിൻഹ (12), ഫൈസാൻ (മൂന്ന്), പരപ്പനങ്ങാടി ആവിൽ ബീച്ച് കുന്നുമ്മൽ ജാബിറിന്റെ ഭാര്യ ജൽസിയ (കുഞ്ഞിമ്മു–40),

പരപ്പനങ്ങാടി സ്വദേശി സെയ്തലവിയുടെ മക്കളായ സഫ്ല (ഏഴ്), ഹസ്ന(18), പരപ്പനങ്ങാടി കുന്നുമ്മൽ റസീന, പെരിന്തൽമണ്ണ പട്ടിക്കാട് ശാന്തപുരം നവാസിന്റെ മകൻ അഫലഹ് (ഏഴ്),

പെരിന്തൽമണ്ണ പട്ടിക്കാട് സ്വദേശി അൻഷിദ് (10), താനൂർ പൊലീസ് സ്റ്റേഷനിലെ സിപിഒ മുടയമ്പിലാക്കൽ സഫറുദ്ദീൻ (38), പരപ്പനങ്ങാടി കുന്നുമ്മൽ സെയ്തലവിയുടെ മകൾ ഷംന (17), മച്ചിങ്ങൽ നിഹാസിന്റെ മകൾ ഹാദി ഫാത്തിമ (ഏഴ്), പരപ്പനങ്ങാടി കുന്നുമ്മൽ സിറാജിന്റെ മകൾ സാറ (ഒമ്പത്).

## ആശുപത്രികളിൽ കൂടുതൽ ജീവനക്കാരെ നിയോഗിച്ചു

**തിരുവനന്തപുരം**

മലപ്പുറം താനൂരിൽ ബോട്ടപകടത്തിൽ പരിക്കേറ്റവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കാൻ ആവശ്യമായ ക്രമീകരണങ്ങളൊരുക്കാൻ ആരോഗ്യമന്ത്രി വീണാ ജോർജ് വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി.

ചികിത്സ ഉറപ്പാക്കാൻ മഞ്ചേരി മെഡിക്കൽ കോളേജിലും സർക്കാർ ആശുപത്രികളിലും കൂടുതൽ ജീവനക്കാരെ നിയോഗിച്ചു. തൊട്ടടുത്തുള്ള സ്വകാര്യ ആശുപത്രികളിലും രാത്രിയോടെ സർക്കാർ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി.

## ഇന്ന് ഔദ്യോഗിക ദു:ഖാചരണം

മരിച്ചവരോടുള്ള ആദരസൂചകമായി തിങ്കളാഴ്ച സംസ്ഥാനത്ത് ഔദ്യോഗിക ദു:ഖാചരണം പ്രഖ്യാപിച്ചു. താലൂക്കുതല അദാലത്തുകൾ ഉൾപ്പെടെ ഔദ്യോഗിക പരിപാടികൾ മാറ്റി.

## ആരോപണങ്ങളിലെങ്കിലും യോജിപ്പിലെത്തട്ടെ

**തിരുവനന്തപുരം**

എഐ കാമറയ്ക്കെതിരായ ആരോപണങ്ങളിലെങ്കിലും പ്രതിപക്ഷ നേതാവും മുൻ പ്രതിപക്ഷ നേതാവും യോജിപ്പിലെത്തണമെന്ന് എം വി ഗോവിന്ദൻ. 100 കോടി രൂപയുടെ അഴിമതിയെന്ന് സതീശൻ ആരോപിക്കുമ്പോൾ 132 കോടിയെന്ന് രമേശ് ചെന്നിത്തല പറയുന്നു. മന്ത്രിസഭയാകെ കൂട്ടുനിൽക്കുന്നെന്ന് ചെന്നിത്തല പറഞ്ഞപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസാണെന്ന് സതീശൻ പറയുന്നു. ജ്യോതിലാൽ എന്ന ഉദ്യോഗസ്ഥനാണ് പിന്നിലെന്ന് ചെന്നിത്തല പറയുമ്പോൾ സതീശൻ ആരുടെയും പേര് പറയുന്നില്ല. രണ്ടു പേരും തമ്മിലുള്ള ചക്കളത്തിപ്പോരാട്ടമാണ് നടക്കുന്നത്. വിജിലൻസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രി മറുപടി പറയേണ്ടതില്ലെന്നും എം വി ഗോവിന്ദൻ പറഞ്ഞു







# അസംബന്ധം



## ആക്ഷേപങ്ങൾക്ക് അക്കമിട്ട് മറുപടി

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

സർക്കാർ നയാപൈസ ചെലവഴിക്കാത്ത പദ്ധതിയിൽ അഴിമതിയെന്ന് പറയുന്നത് അസംബന്ധമെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പറഞ്ഞു. സിപിഐ എം സംസ്ഥാന കമ്മിറ്റിക്കുശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരു നയാപൈസയുടെ അഴിമതി ഇതിലില്ല. കാമറയൊന്നിന് 31 ലക്ഷം രൂപ ചെലവായെന്നും അഴിമതിയെന്നുമായിരുന്നു ആരോപണം. കാമറ സ്ഥാപിക്കാനും കൺട്രോൾ റൂമിനും അഞ്ചു വർഷത്തെ പ്രവർത്തനത്തിനുമാണ് ഈ തുകയെന്ന് വന്നതോടെ പിൻവലിഞ്ഞു. കാമറയൊന്നിന് 9.37 ലക്ഷമാണെന്നായി പിന്നീട്. കാമറ ഉൾപ്പെടെയുള്ള പൂർണസിസ്റ്റത്തിന്റെ വിലയായിരുന്നു ഇത്.

കെൽട്രോൺ മറ്റൊരു കമ്പനിക്ക് ടെൻഡറില്ലാതെ കരാർ മറിച്ചു നൽകിയെന്നായിരുന്നു മറ്റൊന്ന്. ഏറ്റവും കുറഞ്ഞതുക ക്വാട്ട് ചെയ്തവർക്കാണ് നൽകിയതെന്ന് വന്നതോടെ പിന്മാറി. ഇ–ടെൻഡർമുഖേന നാലു പേരാണ് വന്നത്. കുറഞ്ഞതുക ക്വാട്ട് ചെയ്ത എസ്ആർഐടിഎല്ലിന് 165 കോടിക്ക് നൽകി. ഉപകരാർ നൽകാനുള്ള വ്യവസ്ഥ ടെൻഡറിലുണ്ട്. പദ്ധതിക്ക് ആകെ 232.25 കോടി രൂപയുടെ ഭരണാനുമതിയാണുള്ളത്. സ്ഥാപനത്തുക 142 കോടി രൂപയും അഞ്ചു വർഷത്തെ പ്രവർത്തനത്തുക 56.24 കോടിയും ജിഎസ്ടിയുമാണിത്. ഉടമസ്ഥാവകാശം മോട്ടോർ വാഹനവകുപ്പിനും.

ലോകോത്തര കമ്പനികളെല്ലാം ഘടകഭാഗങ്ങൾ യോജിപ്പിക്കുകയാണ് ചെയ്യുന്നത്. 12 ഭാഗങ്ങളിൽ നാലെണ്ണം കെൽട്രോണിന്റേതാണ്. കെൽട്രോൺ വിവരങ്ങൾ മൂടിവച്ചെന്നതും ശരിയല്ല. വിവരാവകാശങ്ങൾക്കടക്കം മാസങ്ങൾക്ക് മുമ്പേ മറുപടി നൽകി. ഡാറ്റാ സുരക്ഷ, ഫെസിലിറ്റി മാനേജ്മെന്റ് അടക്കമുള്ളവ നിർവഹിക്കുന്നതും കെൽട്രോണാണ്. കാമറ സ്ഥാപിക്കാൻ അശോക ബിൽഡ് കോണറിന് ഉപകരാർ നൽകിയിട്ടില്ല. അഞ്ചു വർഷത്തേക്കുള്ള പ്രവർത്തന ചെലവായാണ് എസ്ആർഐടിക്ക് പണം നൽകിയത്. എസ്ആർഐടി, പ്രസാഡിയോ കമ്പനികളുണ്ടാക്കിയതെന്ന് പറയുന്ന കരാറുകൾ കെൽട്രോണുമായി ബന്ധമുള്ളതല്ല. കാബിനറ്റ് നോട്ടിൽ കരാർ കൊടുത്ത കമ്പനിയെക്കുറിച്ചും ഉപകരാർ കൊടുത്തവരെക്കുറിച്ചും വ്യക്തമാക്കിയിട്ടില്ലെന്ന വാദവും തെറ്റാണ്. യോഗ്യതാമാനദണ്ഡം ടെൻഡറിൽ വ്യക്തമാക്കിയിട്ടുണ്ട്. കമ്പനി രേഖകളുടെ ഒന്നാംഭാഗം മാത്രം ഉയർത്തിക്കാട്ടി അഴിമതിയെന്ന് പറയുന്നത് അസംബന്ധമാണ്. രണ്ടാം ഭാഗം നോക്കിയിട്ടില്ല. പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെ തകർക്കാനുള്ള ശ്രമമാണ് നടക്കുന്നത്. മുഖ്യമന്ത്രിയുടെ ബന്ധുവിന്റെ ഗസ്റ്റ് ഹൗസിന് നൽകിയ വാടക കാണിച്ചാണ് കമ്പനിയുമായി ബന്ധമുണ്ടെന്ന് പറയുന്നതെന്നും അദ്ദേഹം പറഞ്ഞു.

### പ്രസാഡിയോ നിയമനടപടിക്ക്

**കോഴിക്കോട്**

എഐ കാമറ വിഷയത്തിൽ കമ്പനിക്കെതിരെ നടത്തുന്ന വസ്തുതാവിരുദ്ധ പ്രചാരണം നിർത്തിയില്ലെങ്കിൽ നിയമനടപടി സ്വീകരിക്കുമെന്ന് പ്രസാഡിയോ ടെക്നോളജീസ്. വാർത്തകൾ അടിസ്ഥാനരഹിതവും വസ്തുതാവിരുദ്ധവുമാണ്. ലൈറ്റ് മാസ്റ്റർ ചെയർമാൻ ജയിംസ് പാലമറ്റം ഉന്നയിച്ച ആരോപണം തെറ്റാണ്. ലൈറ്റ് മാസ്റ്ററുമായി നടത്തിയ എല്ലാ ചർച്ചകളിലും ചെയർമാനും വൈസ് ചെയർമാനും മാനേജരും പങ്കെടുത്തിരുന്നു. ജയിംസ് പാലമറ്റത്തിനെതിരെ നിയമനടപടി സ്വീകരിക്കും.

സേഫ് കേരള പദ്ധതിയിൽ കൺട്രോൾ റൂമുമായി ബന്ധപ്പെട്ട ജോലി മാത്രമാണ് പ്രസാഡിയോ ചെയ്തത്. കലിക്കറ്റ് സർവകലാശാല നിരീക്ഷണ കാമറ പദ്ധതിയുമായി കമ്പനിക്ക് ഒരു ബന്ധവുമില്ലെന്നും ചില മുൻനിര മാധ്യമങ്ങൾ നൽകിയ വാർത്ത തെറ്റാണെന്നും പ്രസാഡിയോ വാർത്താക്കുറിപ്പിൽ പറഞ്ഞു.

### ജനശ്രദ്ധ തിരിച്ചുവിടാനുള്ള ശ്രമം



ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. വ്യവസായവകുപ്പിനു കിട്ടിയ പരാതിയിൽ അൽഹിന്ദിന് അപ്പോൾത്തന്നെ മറുപടി നൽകിയിട്ടുണ്ട്. കമ്പനിയിൽനിന്ന് പിന്നീട് ഒരു പരാതിയും കിട്ടിയിട്ടില്ല. ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിലാണ് വിജിലൻസ് അന്വേഷണം. കാമറ സംവിധാനങ്ങൾ ആർക്കും പരിശോധിക്കാം. എൽഡിഎഫിന്റെ രണ്ടാം വാർഷികത്തിൽനിന്ന് ജനശ്രദ്ധ തിരിച്ചുവിടാനും മുഖ്യമന്ത്രിയെ ഇകഴ്ത്താനുമുള്ള ശ്രമമാണ് ഇതിനു പിന്നിൽ. അത് ജനം തിരിച്ചറിയുന്നുണ്ട്.

### ഉപകരാർ പുതിയ സംഭവമല്ല



എഐ കാമറ സ്ഥാപിക്കാൻ ഉപകരാർ കൊടുത്തത് പുതിയ സംഭവമല്ല. മുൻ സർക്കാരുകളും ഇത് ചെയ്തിട്ടുണ്ട്. വിഷയത്തിൽ വ്യവസായ മന്ത്രി വിശദീകരണം നൽകിയിട്ടുണ്ട്. അന്വേഷണവും നടക്കുന്നുണ്ട്. കെൽട്രോൺ വിശ്വസ്ത സ്ഥാപനമായതിനാലാണ് പ്രവൃത്തികൾ അവരെ എൽപ്പിച്ചത്.

### പിന്നിൽ വ്യവസായികളുടെ കുടിപ്പക



എഐ കാമറ വിവാദത്തിനു പിന്നിൽ വ്യവസായികളുടെ കുടിപ്പകയാണ്. പ്രതിപക്ഷത്തിന്റെ ഫാക്ടറിയിലെ നുണക്കഥകൾ തകർന്നടിയും. ആക്ഷേപം ഉന്നയിക്കുന്ന കമ്പനികൾ എന്തുകൊണ്ട് കോടതിയെ സമീപിച്ചില്ല. ഉപകരാർ നൽകുന്ന കമ്പനികൾക്ക് സർക്കാരുമായി ബന്ധമില്ല. യുഡിഎഫ് കാലത്ത് കാമറ വാങ്ങിയതിൽ അന്നത്തെ വ്യവസായമന്ത്രി കുഞ്ഞാലിക്കുട്ടി മറുപടി നൽകാത്തതെന്ത്.

